ചെയ്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ രണ്ടാംഗഡു ലഭിക്കേണ്ട ബാക്കി അപേക്ഷകർക്ക് ഗഡു വിതരണം ചെയ്യുന്നതിനുവേണ്ടി പണം അലോട്ടു ചെയ്തിട്ടുണ്ട്.

(എഫ്) 1985–86 സാമ്പത്തികവർഷത്തിൽ ഗ്രാൻറിനത്തിലും ലോണിനത്തിലുമായി 2103.70 ലക്ഷം രൂപ ചെലവഴിച്ചു.

(ജി) സർക്കാർ ഗ്രാൻറിനത്തിൽ 16.39 കോടിരൂപ.

(എച്ച്) ബാക്കിയുള്ള തുക ധനകാര്യസ്ഥാപനങ്ങൾവഴി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

സന്നദ്ധ സംഘടനകൾ മുഖേന വിതരണം ചെയ്ത ഭവനനിർമ്മാണ വായ്പകൾ

650 [613] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 വർഷത്തിൽ സന്നദ്ധ സംഘടനകൾ മുഖേന വിതരണം ചെയ്ത ഭവനനിർമ്മാണ വായ്പകൾ ഏതെല്ലാം ഇനങ്ങളിൽ പെടുന്നു;

(ബി) അതിനുവേണ്ടി മൊത്തം എത്ര തുക ചെലവഴിച്ചു;

(സി) വായ്പക്കുവേണ്ടി അപേക്ഷ സമർപ്പിച്ചവർക്കെല്ലാം വായ്പ നൽകാൻ ബോർഡിനു കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) സന്നദ്ധ സംഘടനകൾ മുഖേനയുള്ള സ്വയംസഹായ ഭവനനിർമ്മാണ പദ്ധതിയിൽ വായ്പയും ഗ്രാൻറും ബന്ധപ്പെട്ട സന്നദ്ധസംഘടനയുടെയും ഗുണഭോക്താവിൻെറയും പേരിലുള്ള ബാങ്ക് അക്കൗണ്ട് വഴിയാണ് വിതരണം ചെയ്യുന്നത്. പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിലും ചില ജില്ലകളിൽ ഈ നടപടിക്രമം സ്വീകരിച്ചിട്ടുണ്ട്.

(ബി) 1985–86–ൽ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സ്വയംസഹായ ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടി 75.875 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) എല്ലാ അപേക്ഷകർക്കും മുഴുവൻ തുകയും നൽകാൻ സാധിച്ചിട്ടില്ല.

പുനരധിവാസ ഭവനനിർമ്മാണ പദ്ധതി അനുസരിച്ചുള്ള വീടുകളുടെ പണിക്കുവേണ്ടി നൽകുന്ന വായ്പ

651 [614] ശ്രീ. എം. ജിനദേവൻ:
,, ജി. വരദൻ:
,, സി. കെ. തങ്കപ്പൻ:
,, വി. കേശവൻ:
,, വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പുനരധിവാസ ഭവനനിർമ്മാണ പദ്ധതി അനുസരിച്ചുള്ള വീടുകളുടെ പണിക്കുവേണ്ടി നൽകുന്ന വായ്പത്തുക പതിനായിരം രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കൂടി നിബന്ധനകൾക്കു വിധേയമായാണെന്നതിനാലും പദ്ധതി ഏതാണ്ട് പൂർത്തിയായി വരുകയായതിനാലും വായ്പത്തുക ഉയർത്താൻ നിർവ്വാഹമില്ല.

പാലക്കാട് പത്രപ്രവർത്തകർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ്

652 [615] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പത്രപ്രവർത്തകർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെവിടെയാണെന്നും സ്ഥലത്തിന്റെ വിസ്തീർണ്ണം എത്ര ഏക്കറാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് ഇപ്പോൾ എത്ര പത്രപ്രവർത്തകർക്ക് വീടുനിർമ്മിച്ചു കൊടുത്തു;

(ഡി) വീട് നിർമ്മിച്ചു കൊടുത്ത പത്രപ്രവർത്തകരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഇ) പത്രപ്രവർത്തകർക്ക് നിർമ്മിച്ചുകൊടുക്കുന്ന വീടിന് എത്രരൂപവരെ ചെലവഴിക്കുന്നുണ്ടെന്നും, തുക തിരിച്ച് അടയ്ക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(എഫ്) പത്രപ്രവർത്തകർക്ക് പാലക്കാട് നിർമ്മിച്ചു കൊടുത്ത വീടുകളിൽ കേരള സംസ്ഥാനത്തിന് പുറത്തുള്ള ആർക്കെങ്കിലും വീട് നൽകിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എത്രപേർക്കാണെന്നും അവരുടെ പേരുവിവരങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) പാലക്കാട് പട്ടണത്തിൽ പാലക്കാട് ഒന്നാം വില്ലേജിൽ വടക്കുംതറ അംശത്തിൽ സർവ്വെ 2005/2, 2011/3 എന്നീ നമ്പരുകളിൽപ്പെട്ട 2.50 ഏക്കർ സ്ഥലം ഭവനനിർമ്മാണ പദ്ധതിക്കായി ഏറ്റെടുത്തതിൽനിന്ന് 11 പ്ലോട്ടുകൾ പത്രപ്രവർത്തകർക്കുവേണ്ടി റിസർവ്വ് ചെയ്തുകയുണ്ടായിട്ടുണ്ട്.

(സി) ഇവിടെ ഇതുവരെ രണ്ടു പത്രപ്രവർത്തകർക്ക് വീടും സ്ഥലവും നാലുപേർക്ക് വീടുവയ്ക്കുന്നതിനുള്ള സ്ഥലവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ മൂന്ന് അപേക്ഷകൾ പരിഗണനയിലാണ്.

(ഡി) മലയാള മനോരമയിലെ ശ്രീ. പുത്തൂർ സി. മുഹമ്മദ്, മാതൃഭൂമിയിലെ ശ്രീ. രത്നസിംഗ് എന്നിവർക്കാണ് ഇവിടെ വീടും സ്ഥലവും നൽകിയിട്ടുള്ളത്. ഏകസ്പ്രസ്സിലെ ശ്രീ. ഇ. എ. വഹാബ്, പി. ടി. ഐ. ലെ ശ്രീമതി എം. കെ. രമണി, ചന്ദ്രികയിലെ ശ്രീ. നൂർമുഹമ്മദ്, ദീപികയിലെ ശ്രീ. പി. കെ. സി. അബ്ദുള്ളക്കുട്ടി എന്നിവർക്ക് ഇവിടെ വീടുവയ്ക്കാനുള്ള സ്ഥലം നൽകി.

LIBRARY ARCHIVES Kerala Legislative Assembly